(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

വാർഷിക പദ്ധതിയുടെ അടങ്കൽ തുക

13 (1477) ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 വർഷത്തെ വാർഷിക പദ്ധതിയുടെ അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എന്തു തുക ക്യാപ്പിറ്റൽ അക്കൗണ്ട് ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 1998-99 സാമ്പത്തിക വർഷത്തേക്കാൾ എത്ര ശതമാനമാണ് 1999-2000 വർഷത്തെ പദ്ധതിയിൽ അടങ്കൽ വർദ്ധനവ് വന്നിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 3250 കോടി രൂപ.

(ബി) 62003.78 ലക്ഷം രൂപ.

(സി) 4.8 ശതമാനം.

വാർഷിക പദ്ധതിയുടെ അടങ്കൽ തുകയിൽ കുറവ്

14 (1478) ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 വർഷത്തെ വാർഷിക പദ്ധതിയുടെ അടങ്കൽ തുകയിൽ കേന്ദ്രഗവൺമെന്റ് എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതിയിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) പ്രസക്തമല്ല.

ഇൻഫർമേഷൻ ടെക്നോളജി

15(1481) ശ്രീ. ടി.കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എ) ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് പ്രവർത്തിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് സർക്കാർ എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നു;

(ബി) ഇത്തരം വ്യവസായങ്ങൾക്ക് സബ്സിഡി നൽകുന്നതിൽ വരുത്തിയിട്ടുള്ള വർദ്ധനവ് എത്രയാണ്;

(സി) ഇത്തരം വ്യവസായങ്ങളുടെ പുരോഗതിക്കായി സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊള്ളുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി)വിവരസാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായങ്ങൾക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു.

(1) സ്ഥിര നിക്ഷേപത്തിന്റെ 20% പരമാവധി 25 ലക്ഷം രൂപവരെയുള്ള മൂലധനനിക്ഷേപ സബ്സിഡി

(2) കാപ്റ്റിവ്യൂവ് ജനറേറ്റർ സെറ്റിന് നിക്ഷേപത്തിന്റെ 50% പരമാവധി 10 ലക്ഷം രൂപ നിക്ഷേപ സബ്സിഡി

(3) നിലവിലുള്ള വ്യവസായങ്ങളുടെ വൈവിധ്യവൽക്കരണത്തിനും വികസനത്തിനും ആധുനികവൽക്കരണത്തിനും അതിനുവേണ്ട സ്ഥിരനിക്ഷേപത്തിന്റെ 20% അല്ലെങ്കിൽ പരമാവധി 25 ലക്ഷം രൂപ നിക്ഷേപസബ്സിഡി.

(4) വിവരസാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വ്യവസായ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് സ്കയർ മീറ്ററിന് 5000 രൂപ എന്ന തോതിൽ കണക്കാക്കി അതിന് അർഹമായ സബ്സിഡി.

(5) സോഫ്റ്റ്വെയർ പാർക്കുകളിലെ യൂണിറ്റുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്, രജിസ്ട്രേഷൻ ഫീസിളവ്, കമ്പ്യൂട്ടർ പെരിഫറലുകൾക്ക് നികുതിയിളവ്.

(സി) മേൽ പറഞ്ഞിരിക്കുന്ന ആനുകൂല്യങ്ങൾക്കു പുറമെ സോഫ്റ്റ്വെയർ ടെക്നോളജി പാർക്കിനു കീഴിൽ രജിസ്റ്റർ ചെയ്യുന്ന ഇൻഫർമേഷൻ ടെക്നോളജി അധിഷ്ഠിത വ്യവസായങ്ങളുടെ പുരോഗതിക്കായി ഇനിപറയുന്ന ആനുകൂല്യങ്ങളും ലഭ്യമാണ്.

(1) പത്തു വർഷത്തേക്ക് ആദായ നികുതിയിൽ നിന്നും ഒഴിവാക്കൽ.

(2) ഇറക്കുമതി തീരുവയിൽ നിന്ന് പൂർണ്ണമായും ഇളവ്.

(3) ആഭ്യന്തര വിപണിയിൽ നിന്ന് വാങ്ങുന്ന ഉപകരണങ്ങളെ കേന്ദ്ര എക്സൈസ് നികുതിയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കൽ.

(4) ആഭ്യന്തര വിപണിയിൽ നിന്ന് ഉപകരണങ്ങൾ വാങ്ങുമ്പോൾ നൽകുന്ന വിൽപ്പനനികുതി തിരികെ നൽകുക.

(5) ലോൺ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ ഇറക്കുമതി ചെയ്യാൻ അനുമതി.

(6) കുറഞ്ഞ നിരക്കിൽ ഹൈസ്പീഡ് ഡാറ്റാ കമ്മ്യൂണിക്കേഷൻ സൗകര്യം.

LIBRARY ARCHIVES Kerala Legislative Assembly